III ഇ.ബി. XII-കേരള നിയമസഭ/IV-5

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 8, വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ഉന്നയിക്കുകയും *91-ന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും *92 -ന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

(എസ്.എസ്.എൽ.സി. മോഡൽ ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിച്ച ചോദ്യത്തിന് വ്യക്തമായ മറുപടി ലഭിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലേയ്ക്ക് ഇറങ്ങി മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

സഭാനടപടികൾ സുഗമമായി തുടരാൻ കഴിയാത്തതിനാൽ അൽപസമയത്തേയ്ക്ക് സഭാനടപടികൾ നിറുത്തിവയ്ക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചു.

9.30–ന് നിറുത്തിവച്ച സഭ 9.47–ന് പുനരാരംഭിച്ചു.

നിർഭാഗ്യകരമായ സംഭവങ്ങളായിരുന്നു നടന്നതെന്നും കുറേക്കാലമായി നിറുത്തിവച്ചിരുന്ന, വെല്ലിലിറങ്ങുന്ന സംഭവം വീണ്ടും ആവർത്തിച്ചിരിക്കുകയാണെന്നും ഇത്തരം സംഭവങ്ങൾ സഭാനടപടികളുടെ നടത്തിപ്പുമായി മുന്നോട്ടുപോകുന്നതിന് പ്രയാസമുണ്ടാക്കുമെന്നും മേലിൽ അത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ മുന്നറിയിപ്പ് നൽകി.

സഭാനടപടികൾ തടസ്സപ്പെടുത്തുന്നതും വെല്ലിലേയ്ക്കിറങ്ങുന്നതും ഒഴിവാക്കണമെന്നുതന്നെയാണ് പ്രതിപക്ഷത്തിന്റെ അഭിപ്രായമെന്നും പ്രതിപക്ഷാംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ട താണെന്നും ഇവിടെ നേരത്തെ നോട്ടീസ് കൊടുത്ത് ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭിക്കണമെന്നും എസ്.എസ്.എൽ.സി മോഡൽ ചോദ്യപ്പേപ്പർ ചോർച്ച സംബന്ധിച്ചുള്ള അന്വേഷണം അവസാനഘട്ടത്തിലെത്തിയപ്പോൾ അന്വേഷണ ഉദ്യോഗസ്ഥനെ സ്ഥലംമാറ്റിയത് ശരിയല്ലെന്നും പ്രതിപഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടിയും മെമ്പർമാർക്ക് ചോദ്യവും ഉപചോദ്യവും ചോദിക്കാമെന്നും ചോദ്യം പ്രസംഗമായി മാറുമ്പോഴാണ് ബുദ്ധിമുട്ടെന്നും ഇക്കാര്യത്തിൽ

ഗവണ്മെന്റിന്റെ സമീപനമാണ് ഏറ്റവും കൂടുതൽ ഹൃദയവേദന യുണ്ടാക്കിയതെന്നും കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ചോദ്യപ്പേപ്പർ ചോർന്നപ്പോൾ സി.ബി.ഐ. എൻക്വയറി വച്ച് അന്വേഷിച്ച് പ്രതികളെ അറസ്റ്റ് ചെയ്തതുപോലെ ഈ കേസിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ സ്റ്റേറ്റ് പോലീസിന് കഴിയുകയില്ലെങ്കിൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണ മെന്നും ശ്രീ. കെ.എം. മാണിയും അഭിപ്രായപ്പെട്ടു.

കേസ് അന്വേഷിച്ച് റിപ്പോർട്ട് നൽകിയശേഷമാണ് സ്ഥലം മാറ്റിയതെന്നും എസ്.എസ്.എൽ.സി. പരീക്ഷയുടെ മോഡൽ ചോദ്യപ്പേപ്പർ ചോർച്ച പുറത്തുകൊണ്ടുവന്നത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണെന്നും ഇവിടെ നടക്കാൻ പോകുന്ന എസ്.എസ്.എൽ.സി. പരീക്ഷ സുതാര്യമായി നടത്താനുള്ള ക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പ് ചെയ്തിട്ടുണ്ടെന്നും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അറിയിച്ചു.

## II **അടിയന്തിരപ്രമേയം**

കെ.എസ്.ടി.എ.യുടെ ഭാരവാഹിയും സി.പി.എം. സാംസ്ക്കാരിക പ്രവർത്തകരുടെ നേതാവും വളയം സ്കൂളിലെ അധ്യാപകനുമായ ഹരിദാസ് തികച്ചും മനുഷ്യത്വരഹിതമായ രീതിയിൽ പ്രസ്തുത സ്കൂളിലെ ഒൻപതു വയസ്സിൽ താഴെയുള്ള പിഞ്ചു വിദ്യാർത്ഥിനികളെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ കെ. ബാബുവും മറ്റ് നാലംഗങ്ങളും നൽകിയ അടിയന്തിര പ്രമേയത്തിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു.

## III ശ്രദ്ധ ക്ഷണിക്കൽ

(1) കേരളത്തിന് പ്രത്യേകമായി ഒരു റെയിൽവേ സോൺ വേണമെന്ന ആവശ്യം നിലനിൽക്കേ, നിലവിലുള്ള പാലക്കാട് ഡിവിഷൻ വിഭജിച്ച് സേലം ഡിവിഷൻ രൂപീകരിക്കുന്നതുമൂലം കേരളത്തിനുണ്ടാകാവുന്ന നഷ്ടം സംബന്ധിച്ച് ശ്രീ.കെ.എം. മാണി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്ത് ബി. പി. എൽ. സർവ്വേ നടത്തിയാൽ അർഹരായ നിരവധി പേർ ലിസ്റ്റിൽനിന്ന് ഒഴിവാക്കപ്പെടുമെന്നതിനാൽ ഇക്കാര്യത്തിൽ പുതിയ മാനദണ്ഡം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി. ശിവൻകുട്ടി തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV സബ്മിഷൻ

(1) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഇരുവിഭാഗം വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷം സംബന്ധിച്ച് ശ്രീ. സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സി.എച്ച്. കുഞ്ഞമ്പുവും സബ്മിഷന് നോട്ടീസ് നൽകിയിരുന്നു.)

(2) വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) വീഡിയോ ലൈബ്രറി ഉടമകൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. വി.എസ്. സുനിൽ കുമാറും സബ്മിഷന് നോട്ടീസ് നൽകിയിരുന്നു.)

(4) കോഴിക്കോട് മാവൂർ സ്വദേശി വിഭാസിന്റെ ദുരൂഹ മരണം സംബന്ധിച്ച് ശ്രീ. യു.സി രാമൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) പീഡനത്തിന് വിധേയരായ പെൺകുട്ടികൾക്ക് വിചാരണവേളയിൽ ലഭിക്കുന്ന പരിരക്ഷ തെളിവെടുപ്പ് വേളയിലും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ.പി. അനിൽകുമാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) മദ്രസാ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയ ഫണ്ട് വിനിയോഗിക്കാത്തത് സംബന്ധിച്ച് ശ്രീ. പി. സി. ജോർജ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെ പണി ആരംഭിക്കുന്നതിന് ഡെപ്പോസിറ്റ് വയ്ക്കേണ്ടത് സംബന്ധിച്ച് ശ്രീ. എ.സി. മൊയ്തീൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി

(8) കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. ബി. രാഘവൻ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(9) ടെക്നോപാർക്കിലും സമീപപ്രദേശങ്ങളിലും ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. എ. വാഹിദ് ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) മീനച്ചിലാറും തോടുകളും മലിനപ്പെടുന്നത് സംബന്ധിച്ച് ശ്രീ.വി.എൻ.വാസവൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(11) റെയിൽവേയിലെ കാറ്ററിംഗ് തൊഴിലാളികൾ 8–3–2007–ന് നടത്തുന്ന പാർലമെന്റ് മാർച്ച് സംബന്ധിച്ച് ശ്രീ. സി.കെ.പി. പത്മനാഭൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി.കെ. സദാശിവൻ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

(13) അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി. എഫ്. തോമസ് ഉന്നയിച്ച സബ്മിഷന്

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) ലോട്ടറിത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

## V പ്രത്യേക പരാമർശം

ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് തലേദിവസം തന്നെ അംഗങ്ങൾക്ക് ഇക്കണോമിക് റവ്യൂ ലഭ്യമാക്കുന്ന കീഴ്വഴക്കമുണ്ടെന്നും ഇത്തവണ അത് ലഭിച്ചില്ലെന്നുമുള്ള ശ്രീ. കെ.സി. ജോസഫിന്റെ പരാമർശത്തിന് ഇക്കണോമിക് റവ്യൂ റിപ്പോർട്ട് ഇവിടെ ലഭിച്ചിട്ടുണ്ടെന്നും ഉടൻ തന്നെ അത് വിതരണം ചെയ്യുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## VI ക്രമപ്രശ്നം

മദ്രസാ നവീകരണ പദ്ധതി സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുകയും ഈ സമ്മേളനത്തിൽ അൺസ്റ്റാർഡ് ചോദ്യം ഉന്നയിക്കുകയും ചെയ്തിട്ട് മറുപടി നൽകാതെ ഇതേ വിഷയം ശ്രീ. പി.സി. ജോർജിന് സബ്മിഷനായി ഉന്നയിക്കാൻ അനുവാദം നൽകിയിട്ട് 'ഇക്കാര്യം ഇപ്പോൾ ഉന്നയിച്ചത് നന്നായി'യെന്ന് പറഞ്ഞ് പ്രതിപക്ഷാംഗങ്ങളെ ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അവഹേളിച്ചിരിക്കുകയാണെന്ന് ശ്രീ. സി. ടി. അഹമ്മദ് അലി ക്രമപ്രശ്നം ഉന്നയിച്ചു.

ഭരണപക്ഷത്തുനിന്നും ഇത്തരത്തിൽ ഒരു പരാമർശം ഉണ്ടാകാൻ പാടില്ലെന്ന് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും 12 ദിവസം മുമ്പ് കൊടുത്ത ചോദ്യത്തിന് മറുപടി നൽകാതെ ഭരണപക്ഷത്തുനിന്ന് സബ്മിഷനായി ഉന്നയിച്ച അതേ വിഷയത്തിന് മറുപടി പറയുകയും അതിലൂടെ ദുസ്സൂചനാപരമായി പ്രതിപക്ഷ മെമ്പർമാരെ അവഹേളിക്കുകയും ചെയ്ത ബഹുമാനപ്പെട്ട മന്ത്രിയുടെ നടപടി നിർഭാഗ്യകരമാണെന്നും ഇത് ജനാധിപത്യപരമായി നല്ല കീഴ്‌വഴക്കമല്ലെന്നും പ്രതിപക്ഷ നേതാവ് ശ്രീ.ഉമ്മൻ ചാണ്ടിയും അഭിപ്രായപ്പെട്ടു.

ശ്രീ.പി.സി.ജോർജ് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടെയാണ് മറുപടി നൽകിയതെന്നും 12 ദിവസം മുമ്പ് നൽകിയ ചോദ്യത്തിന് സമയത്ത് മറുപടി കൊടുക്കുകയോ കാരണം അറിയിക്കുകയോ ചെയ്യണമെന്നതാണ് കീഴ്‌വഴക്കമെന്നും ഇവിടെ അവതരിപ്പിച്ച രണ്ടു വിഷയവും ഒന്നാണെന്ന് ഇപ്പോഴാണ് അറിയുന്നതെന്നും വിദ്യാഭ്യാസ വകുപ്പിനോട് 12 ദിവസം മുമ്പ് ചോദിച്ച ചോദ്യത്തിന്റെ മറുപടി സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ അറിയില്ലെന്നും പരിശോധിച്ച് പറയാമെന്നും രണ്ടു വിഷയവും വിവേചനം കൂടാതെ ഒരുപോലെയാണ് കാണേണ്ടതെന്നും അതിൽ എന്തെങ്കിലും വിവേചനം ഉണ്ടായിട്ടുണ്ടോ യെന്നും ഉത്തരം ലഭ്യമാക്കുന്ന കാര്യത്തിൽ വീഴ്ച പറ്റിയിട്ടുണ്ടോയെന്നും ഇന്നുതന്നെ പരിശോധിച്ച് അറിയിക്കുന്നതാണെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ടസും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അറിയിച്ചു.

ഈ വിഷയത്തെ സംബന്ധിച്ചുള്ള ഉത്തരം അംഗീകരിച്ചു കൊടുക്കേണ്ട വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെ ചാർജ്ജുള്ള

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ഇക്കാര്യം അറിഞ്ഞില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുന്നത് ശരിയല്ലെന്നും ഇത്തരത്തിൽ വിവേചനം ഉണ്ടാകാൻ പാടില്ലെന്നും ശ്രീ. കെ.എം. മാണി അഭിപ്രായപ്പെട്ടു.

ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർ 12 ദിവസം മുമ്പ് എഴുതിക്കൊടുത്ത് ഉന്നയിച്ച ചോദ്യത്തിന് മറുപടി നൽകാതെ ഭരണകക്ഷിയിൽപ്പെട്ട മെമ്പർ ഉന്നയിച്ച സബ്മിഷന് മറുപടി നൽകുന്നത് മറ്റംഗങ്ങളോട് കാണിക്കുന്ന വിവേചനം തന്നെയാണെന്നും ഇത്തരം കാര്യങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

## VII പ്രത്യേക പരാമർശം

നക്ഷത്രചിഹ്നമിട്ട 91–ാം നമ്പർ ചോദ്യത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എഴുതിത്തന്ന മറുപടിയിൽ ചില സിനിമാ നടൻമാർക്ക് പണം കൊടുത്തുവെന്ന് പറയുകയും സഭയിൽ അത് തിരുത്തിപ്പറയുകയും ചെയ്യുമ്പോൾ 'തെറ്റുതിരുത്തുന്നു' എന്ന് പറയണമായിരുന്നുവെന്ന ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പരാമർശത്തിന് ചോദ്യത്തിന് മറുപടി യായി അഡ്വർടൈസ്മെന്റ് ഫിലിമിനുവേണ്ടി ചെലവായ തുകയാണ് കൊടുത്തിരിക്കുന്നതെന്നും ഒരാൾക്ക് കൊടുത്ത പ്രതിഫലത്തെക്കുറിച്ചല്ല പറയുന്നതെന്നും അതുകൊണ്ട് ഒരു തിരുത്തിന്റെ ആവശ്യമില്ലെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അറിയിച്ചു.

## VIII ധനകാര്യം

**<u>2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും</u>**

2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ കെ. ശിവദാസൻ നായർ, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, വി.കെ. ഇബ്രാഹിം കുഞ്ഞ്, പള്ളിപ്രം ബാലൻ, ജോസഫ് എം. പുതുശ്ശേരി, എം.കെ. പ്രേംനാഥ്, കെ.കെ. ദിവാകരൻ, പി.ജെ. ജോസഫ്, എ.എ. അസീസ്, പി.സി. ജോർജ്, എ.എം. യൂസഫ്, തോമസ് ചാണ്ടി, ജോർജ്ജ് മേഴ്സിയർ, അൽഫോൺസ് കണ്ണന്താനം, എ.കെ. ചന്ദ്രൻ, എ. പ്രദീപ് കുമാർ, സി.പി. മുഹമ്മദ്, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നീ അംഗങ്ങൾ സംസാരിച്ചു.

ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II–ാം നമ്പർ ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII–ാം നമ്പർ ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII–ാം നമ്പർ ഉപധനാഭ്യർത്ഥനയും 32–നെതിരെ 78 വോട്ടുകളോടെയും എക്സൈസ് എന്ന VIII–ാം നമ്പർ ഉപധനാഭ്യർത്ഥന 32–നെതിരെ 79 വോട്ടുകളോടെയും

ജില്ലാ ഭരണവും പലവകയും എന്ന XI–ാം നമ്പർ ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വസത്തിന് എന്ന XXVI–ാം നമ്പർ ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV–ാം നമ്പർ ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII–ാം നമ്പർ ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII–ാം നമ്പർ ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII–ാം നമ്പർ ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII–ാം നമ്പർ ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX–ാം നമ്പർ ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX–ാം നമ്പർ ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV–ാം നമ്പർ ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI–ാം നമ്പർ ഉപധനാഭ്യർത്ഥനയും 30–നെതിരെ 80 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. നീതിന്യായനിർവ്വഹണം എന്ന III–ാം നമ്പർ ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII–ാം നമ്പർ ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV–ാം നമ്പർ ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX–ാം നമ്പർ ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII–ാം നമ്പർ ഉപധനാഭ്യർത്ഥനയും പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റ് പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV–ാം

നമ്പർ ഉപധനാഭ്യർത്ഥനയും മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ഉപധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2007 മാർച്ച് 9–ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.28–ന് പിരിഞ്ഞു.